# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിയെട്ട്

ജോയിക്കുട്ടി,

ജോസഫച്ചൻ ഇന്ന് പതിവിലും വളരെ വ്യത്യാസമായ ഒരു കഥയാണ് വ്യത്യസ്ഥമായ ശൈലിയിൽ പറയാൻ തുടങ്ങിയത്. അച്ചൻ കേട്ട അതേ പടിയിൽ തന്നെ കഥ പറഞ്ഞു തുടങ്ങി; വശ്യമായ ചിരിയോടു കൂടെ.

## പരാതി

“കേട്ടോ, അച്ചാ, എന്റെ മകനെ അവൾ തട്ടിയെടുത്തതല്ലേ!” അച്ചനും പലരിൽ നിന്നും പലപ്പോഴായീ ഈ കഥ കേട്ടിട്ടുള്ള താണ്.

“എന്റെ മോന് ആറു വയസ്സുള്ളപ്പോൾ, അന്നിവൾക്ക് അഞ്ചു വയസ്സുണ്ടായിരുന്നു. അന്നിവൾക്ക് മാമ്പഴം പറിച്ചു കൊടുക്കാൻ അവൻ ആ അയൽപക്കത്തുള്ള അവറാന്റെമാവിന്റെ തുഞ്ചത്ത് ഇവൾ പറഞ്ഞതിൻ പ്രകാരം അവൻ കേറി ആ കമ്പ് ഒടിഞ്ഞ്, എന്റെ പൊന്നുമോൻ താഴെ വീണ് അവന്റെ കയ്യേലെ തൊലീ പൊട്ടി ചോരയൊലിപ്പിച്ച്, ആ ദുഷ്ടൻ അവറാൻ കമ്പും വെട്ടി എന്റെ കുഞ്ഞിനെ തല്ലാനിട്ടോടിച്ചപ്പോൾ ഇവുത്തുങ്ങൾ രണ്ടും കൂടി കാക്ക തീട്ടം ചികഞ്ഞതു പോലെ ഓടി ഒളിച്ചത് ഇന്നെന്നപോലെ എനിക്കോർമ്മയുണ്ട്.”

“ഓഹോ അപ്പോൾ ഇത് കുഞ്ഞും നാളില് തൊട്ടുള്ളതാണ്”

“എന്റെച്ചാ ജനിച്ചപ്പോ തുടങ്ങീതല്ല്യോ?”

“എന്റെച്ചാ, ഇവളെ പെറ്റ് തൊണ്ണൂറാം പക്കം ഇവടമ്മപള്ളീ വന്നപ്പം എന്റെ കൊച്ചന്റെ കയ്യേ കേറി പിടിച്ചതാ. ഇതുവെരെയായിട്ടും ആ പിടി അവള് വിട്ടിട്ടില്ല.”

“ആ എന്നിട്ട്”

“അന്ന് ആകുന്ന പണിയെല്ലാം പണിതിട്ടാ ആ പിടി വിട്ടു കിട്ടിയത്.”

ജോസഫച്ചന്റെ അമേരിക്കയിലുള്ള ഒരു പള്ളിയുടെ വളരെ അടുത്തുള്ള ഒരു ഇടവക കുടുംബമാണ് സോമൻ ശാന്തമ്മയുടെത്. നാട്ടിൽ ഇവർ തൊട്ടടുത്തുള്ളവർ മാത്രമല്ല ജനിച്ചപ്പോൾ മുതൽ ഒന്നിച്ച് കളിച്ച് സ്നേഹിച്ച് വിവാഹിതരായവരാണ്. സോമന്റെയമ്മ ഇപ്പോൾ കുറച്ചു കാലമായി അവരുടെ കൂടെ സ്ഥിര താമസത്തിന് വന്നിരിക്കയാണ്. സാധാരണ മിക്കപ്പോഴും അച്ചൻ അവിടെ വരാറുള്ളതാണ്. എപ്പോഴും അവർ ഭാര്യാ ഭർത്താക്കന്മാർ അവിടെയുള്ളപ്പോളാണ് അച്ചൻ അവിടെ ചെല്ലാറുള്ളത്. ഇന്ന് അവർ ജോലി കഴിഞ്ഞ് വരാൻ അല്പം മുമ്പായി അച്ചൻ അവിടെ ചെല്ലാനിടയായി. അപ്പോൾ മറിയച്ചേടത്തി അവരുടെ പരാതികൾ നിരത്തി.

“അച്ചാ, ഒരിക്കൽ ഉറുമ്പിൻകൂടുള്ള ഒരു പേരയുടെ മുകളിൽ ഇവൾക്ക് പേരക്കാ പറിക്കാൻ കേറി അവന്റെ അസ്ഥാനത്തു വെരെ ഉറമ്പു കേറി കടിച്ച് പരുവക്കേടാക്കിയില്ലേ!” പറഞ്ഞിട്ടവർ കുലുങ്ങി ചിരിക്കാൻ തുടങ്ങി.

“ഞാൻ ഓല മെടഞ്ഞും അരി വിറ്റും കഷ്ടപെട്ടാണെന്റെ മോനേ വളത്തി പഠിപ്പിച്ചത്”

“അപ്പോൾ സോമന്റെപ്പനോ?”

“അവനെ പെറ്റ് ആറു മാസം കഴിഞ്ഞപ്പം അങ്ങേരെ പാമ്പു കടിച്ച് മരിച്ചു പോയില്ല്യോ!”

“അപ്പോ, ശാന്തമ്മയോ?”

“അതും ഏതാണ്ടതുപോലെ തന്നെ. അവൾക്ക് എട്ടു മാസമായപ്പോ അങ്ങേര് ഹൃദയസ്തംഭനം മൂലം മരിച്ചില്ല്യോ!”

“ശാന്തമ്മയും വളരെ കഷ്ടപ്പെട്ടായിരിക്കുമല്ലോ വളന്നത്”

“എന്റെച്ചാ നേരു ദോഷം പറേരുതല്ലോ. അവടമ്മേം ഒത്തിരി കഷ്ടപ്പെട്ടാ അവളെ വളത്തിയത്. അയൽപക്കത്തെല്ലാം പാത്രം കഴുക്കീം, അവരു കൊടുക്കുന്നത് കഴിച്ചും ഒത്തിരി കഷ്ടപ്പെട്ടാ ഇവളേ വളത്തീത്. പറേമ്പം എല്ലാം പറേണമല്ലോ, നേരു ദോഷം പറഞ്ഞാ ദൈവം പോലും ക്ഷമിക്കത്തില്ലല്ലോ. ഇവടമ്മ പേരു ദോഷമൊന്നും വരുത്തീട്ടില്ല.”

“ഇപ്പം ഇവർ നല്ല ഒന്നന്തരം മണിമാളികയിലല്ല്യോ ജീവിക്കുന്നത്”

“എന്റെച്ചാ, ഇവിടുത്തേതൊന്നുമില്ല. നാട്ടിൽ ചെന്ന് ഇവളുടെ അമ്മ ഇപ്പോ താമസിക്കുന്ന വല്ല്യ പറക്കുന്ന മാളിക കണ്ടാൽ അച്ചൻ കൊതി വിട്ടുപോകും”

“നിങ്ങക്കും അതുപോലെ പണിതു തന്നില്ല്യോ”

“അതു ശര്യാ. രണ്ടും തൊട്ടടുത്തടുത്ത് ഒരുപോലത്ത വീടാ, ഇപ്പം അടച്ചു പൂട്ടിയിട്ടിട്ട് പോന്നിരിക്കുന്നത്.”

“അടച്ചു പൂട്ടിയിടാതെ അവിടെ താമസിക്കാൻ വയ്യായിരുന്നോ” അച്ചൻ ചോദിച്ചു.

“അമ്മേ തനിച്ചു താമസിപ്പിക്കേണ്ടായെന്നു പറഞ്ഞല്ല്യോ എന്നേയിങ്ങോട്ടു കൊണ്ടുപോന്നത്”

“അപ്പോ ശാന്തമ്മേടെ വീട്ടിലാരുണ്ട്?”

“അവിടെ വേലക്കാരിയെ നിർത്തിയതു കൂടാതെ അവരുടെ ചേട്ടത്തീടെ മകൾ ഭർത്താവ് മരിച്ചവൾ കൂടെയില്ല്യോ!”

“എന്റെ മകന് ലക്ഷങ്ങൾ സ്ത്രീധനം കിട്ടേണ്ടതല്ല്യോ ഇവൾ തട്ടിത്തെറുപ്പിച്ചത്!”

“ഇത്രയും സുന്ദരിയും ഇവിടെ നല്ല ശമ്പളം വാങ്ങുന്ന ഒരു നേഴ്സിനെയല്ല്യോ ഭാര്യയായി കിട്ടിയത്?”

“അതു പറഞ്ഞാലിത്തിരി കൂടിപോകും”

“അതെന്താ അങ്ങിനെ?”

“ഇവളുടെ മിടുക്കുകൊണ്ടൊന്നുമല്ലച്ചാ. ഇവൾ ഹൈസ്ക്കൂൾ പാസായപ്പൊ, അന്നത്തെ കാലത്ത് എന്റെ മോൻ കഷ്ടപ്പെട്ട് മൈസൂരിൽ നേഴ്സിംഗിന് പ്രവേശനം വാങ്ങി കൊടുത്തിട്ടാ ഇവൾ പഠിച്ചത്. അല്ലാതെ ഇവളുടെ മിടുക്ക കൊണ്ടൊന്നുമല്ല. എന്നിട്ട് എന്റെ മോൻ അവിടെ പോയി അവന്റെ കൂടെ ഇവളെ താമസിപ്പിച്ച് ഇവളെ അവൻ പഠിപ്പിച്ച് മിടുക്കിയാക്കിയതല്ല്യോ!”

“സോമൻ അവിടെ എന്തോ ചെയ്യുകയായിരുന്നു?”

“അവൻ അവിടെ പഠിച്ചല്ല്യോ കമ്പ്യൂട്ടറെഞ്ചനീയറായത്”

മൈസൂറിൽ ഡിപ്ലോമ്മായെടുത്ത് പഠിച്ചതാണെന്നും ഇവിടെ ദൈവനുഗ്രഹം കൊണ്ട് നല്ല ജോലിയും ശമ്പളവും ഉണ്ടെന്ന കാര്യം മറ്റെല്ലാവരേയും പോലെ അച്ചനും അറിയാം.

“അച്ചാ, ഇവിടെ ഈ ചുറ്റുപാടിൽ ഉള്ള എല്ലാവരുടേയും കമ്പ്യൂട്ടർ കേടായാൽ എന്റെ മോനല്ല്യോ ശരിയാക്കി കൊടുക്കുന്നത്”

സോമൻ പരിചയക്കാരുടെയെല്ലാം കമ്പ്യൂട്ടർ കേടായാലെന്നല്ല ഒരു ഹാൻടിമാൻ ചെയ്യുന്ന എല്ലാ പണികളും ചെയ്യും. അയാളുടെ വീടിന്റെ ബേസ്മെന്റ് പണി കൂടാതെ പരിചയക്കാരുടെ ആരുടെയെങ്കിലും വീടുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായി സഹായം വേണമെന്നാവശ്യപ്പെട്ടാൽ ഏതു പാതിരാത്രിയെന്നല്ല എത്ര മോശമായ കാലാവസ്ഥയാണെങ്കിലും ഉടനെ പോയി അവരെ സഹായിക്കും. കാറുകളുടെ അത്യാവശ്യ പണികളും അയാൾ ചെയ്യും.

“അച്ചാ ഇവളുടെ പഠിത്തം കഴിഞ്ഞുടനെ എന്റെ മോൻ അവന്റെ ഇരുപത്തിരണ്ടാം വയസ്സിൽ തന്നെ വിവാഹം കഴിച്ച ശേഷം അവന്റെ കഴിവുകൊണ്ടല്ല്യോ ഇവളെ ഇവിടെ അമേരിക്കയിലേക്ക് എന്റെ ചേട്ടത്തീടെ മോടടുത്തേക്ക് പറഞ്ഞു വിട്ടിട്ട് അവൻ ആറാം മാസം പറന്നിങ്ങെത്തിയില്ല്യോ? അവരു രണ്ടും വരുന്നു. ഞാനൊന്നും പറഞ്ഞിട്ടുമില്ല അച്ചനൊന്നും കേട്ടിട്ടുമില്ല”